പി.എ സൈനുദ്ദീൻ
sainpanachikkal@gmail.com

# അഭയവും സഹായവും സ്വീകരിക്കുന്നവർ ചെയ്യേണ്ടത്

عَنْ ابْنِ عُمَرَ رَضِيَ الله عَنْهُمَا قَال، قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنِ اسْتَعَاذَكُم بِاللَّهِ فَأَعِيذُوهُ ، وَمَنْ سَأَلَكُمْ بِاللَّهِ فَأَعْطُوهُ ، وَمَنْ صَنَعَ إِلَيْكُمْ مَعْرُوفًا فَكَافِئُوهُ ، فَإِنْ لَمْ تَجِدُوا مَا تُكَافِئُونَهُ فَادْعُوا لَهُ (البيهقي)

**ഇബ്നു ഉമറിൽനിന്ന്. നബി (സ) പറഞ്ഞു: അല്ലാഹുവിന്റെ പേരിൽ നിങ്ങളോട് ആരെങ്കിലും അഭയം ചോദിച്ചാൽ നിങ്ങളവർക്ക് അഭയം നൽകുക, ആരെങ്കിലും അല്ലാഹുവിന്റെ പേരിൽ ചോദിച്ചാൽ നിങ്ങളത് നൽകുക, നിങ്ങൾക്കാരെങ്കിലും ഉപകാരം ചെയ്താൽ പ്രത്യുപകാരം ചെയ്യുക, ഇനി പ്രത്യുപകാരം ചെയ്യാൻ കഴിയില്ലെങ്കിൽ അദ്ദേഹത്തിനു വേണ്ടി പ്രാർഥിക്കുക (ബൈഹഖി).**

സാമൂഹിക ജീവിതത്തിലും വ്യക്തിജീവിതത്തിലും ഏറെ പ്രാധാന്യമുള്ള രണ്ടു മൂന്ന് കാര്യങ്ങളാണ് ഈ നബിവചനത്തിന്റെ പ്രമേയം. അക്രമത്തിനും അനീതികൾക്കും ഇരയാകുന്ന മനുഷ്യൻ അവസാന മാർഗമെന്ന നിലക്ക് അല്ലാഹുവിനെ മുൻനിർത്തി താങ്കളോട് അഭയം ചോദിച്ചു വന്നാൽ ആ അഭ്യർഥന അവഗണിക്കാൻ ഒരു വിശ്വാസിക്ക് കഴിയില്ല. അതുപോലെ പലപല ജീവിതാവശ്യങ്ങൾക്കായി അല്ലാഹുവിന്റെ പേരിൽ സഹായം തേടിയെത്തുന്നവരിൽനിന്ന് മുഖം തിരിച്ചു നിൽക്കുന്നവനുമല്ല വിശ്വാസി. അല്ലാഹുവിന്റെ പേരിൽ ഒരു സഹോദരൻ വളരെ ആത്മാർഥമായി, യാതൊരു കളങ്കവുമില്ലാതെ എന്താവശ്യപ്പെട്ടാലും നടത്തിക്കൊടുക്കാൻ സന്ദേഹിക്കരുതെന്നാണ് റസൂലിന്റെ മറ്റൊരു കൽപന. അതോടൊപ്പം അധർമികളും സാമൂഹികദ്രോഹികളും അതൊരവസരമായെടുത്ത് നിഷ്കളങ്കരായ വിശ്വാസികളെ ചൂഷണം ചെയ്യുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും വേണം. അല്ലാഹുവിന്റെ നാമത്തെ ദുരുപയോഗം ചെയ്യുന്ന ഇത്തരക്കാർ സമൂഹത്തിൽ പരസ്പര വിശ്വാസം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അനർഹമായതും നിയമവിരുദ്ധമായതുമായ കാര്യങ്ങൾ ദൈവനാമം മുൻനിർത്തി ആവശ്യപ്പെടാതിരിക്കാനുള്ള വകതിരിവ് ഓരോ വിശ്വാസിയും കാണിക്കേണ്ടതുണ്ട്.

സുപ്രധാനവും പ്രതിഫലാർഹവും, എന്നാൽ ബഹുഭൂരിപക്ഷവും നിസ്സാരവത്കരിക്കുന്നതുമായ ഒരു സ്വഭാവമഹിമയെക്കുറിച്ചാണ് നബിവചനത്തിന്റെ അവസാന ഭാഗം. പരിചിതരോ അപരിചിതരോ ആയ മനുഷ്യസ്നേഹികൾ സഹജീവികളെ നിർണായക സന്ദർഭങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ സഹായിക്കുന്നത് സാധാരണയായി നാം കാണാറുള്ളതാണ്. ജനോപകാരപ്രദമായ സേവനം ചെയ്യുന്നവർ വിശ്വാസികളാണെങ്കിൽ ഇസ്‌ലാം മഹത്തായ പ്രതിഫലവും പ്രോത്സാഹനവും നൽകുന്നു. ചെയ്തുകിട്ടിയ ഉപകാരത്തിന് പ്രത്യുപകാരം ചെയ്യാൻ പെട്ടെന്ന് സാധിച്ചില്ലെങ്കിലും സൗകര്യപ്പെടുമ്പോൾ പകരം ചെയ്യുന്നത് സ്നേഹബന്ധങ്ങൾ ശക്തമാകാനും ഊഷ്മളമായ സൗഹൃദം വളരാനും കാരണമാകുന്നു. പ്രത്യുപകാരത്തിന് സാധ്യമാകാത്ത പക്ഷം ആ സ്ഥാനത്ത് പ്രാർഥനയോ നന്ദിപ്രകടനമോ ഉപചാരവാക്കുകൾ പ്രയോഗിക്കുകയോ ആവാം. ഒരാൾക്ക് സമസൃഷ്ടികളിൽനിന്ന് പല വിധത്തിലുള്ള സഹായ സഹകരണങ്ങൾ സ്വീകരിക്കേണ്ടി വന്നേക്കാം. ആ സഹായങ്ങൾ വേണ്ടുവോളം സ്വീകരിച്ച ശേഷം ഒന്ന് തിരിഞ്ഞുനിന്ന് പുഞ്ചിരിക്കാൻ പോലും തയാറാകാത്തവരെ നാം ഏതു ഗണത്തിലാണ് പെടുത്തുക?

ജീവിതം തന്നെ വഴിമുട്ടിപ്പോകുന്ന സാഹചര്യത്തിലായിരിക്കാം പ്രതീക്ഷിക്കാത്തവരിൽനിന്ന് സഹായങ്ങൾ ലഭിക്കുന്നത്. സഹായം ഔദ്യോഗിക സ്വഭാവത്തിലുള്ളതല്ലെങ്കിൽ ഉപകാരങ്ങൾക്ക് പ്രത്യുപകാരം ചെയ്യാം, അതിന് കഴിയില്ലെങ്കിൽ അവരുടെ നന്മക്കു വേണ്ടി സർവശക്തനോട് പ്രാർഥിക്കുകയും ഒപ്പം അവരോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യാം. ചെയ്ത ഉപകാരം വിലമതിക്കപ്പെടുമ്പോൾ കൂടുതൽ ജനോപകാരപ്രദമായ കാര്യങ്ങളിലേക്ക് ശ്രദ്ധ കൊടുക്കാൻ ദാതാവിന് പ്രോത്സാഹനം ലഭിക്കുന്നു. ഇക്കാര്യത്തിൽ പരസ്പരമുള്ള പ്രാർഥനകളും ആശംസകളും എത്രകണ്ട് ഗുണം ചെയ്യും എന്ന് ഉമർ(റ) വ്യക്തമാക്കിയിട്ടുണ്ട്. 'ജസാകല്ലാഹു ഖൈറൻ (താങ്കൾക്ക് അല്ലാഹു നന്മ പ്രതിഫലമായി നൽകട്ടെ) എന്ന പ്രാർഥനയിലൂടെ തന്റെ സഹോദരന് ലഭിക്കുന്ന പുണ്യത്തിന്റെ തോത് എത്രയാണെന്ന് നിങ്ങളിലൊരാൾ അറിഞ്ഞിരുന്നെങ്കിൽ നിങ്ങളത് പരസ്പരം പറയാൻ അമാന്തം കാണിക്കുകയില്ലായിരുന്നു.' ഒരു മുതൽമുടക്കും ഇല്ലാതെ ചെയ്യാൻ കഴിയുന്ന സാമൂഹിക നന്മയാണ് സമസൃഷ്ടികളോട് അവർ ചെയ്ത ഉപകാരത്തിന് നന്ദി പറയുക എന്നത്. അതുപോലും ചെയ്യാത്തവർ അല്ലാഹുവിനോട് നന്ദികാണിക്കാത്തവരാണ് എന്ന് പ്രവാചക വചനം നമ്മെ അറിയിക്കുന്നു. മനുഷ്യരോട് കൃതജ്ഞതാപൂർവം പെരുമാറാത്തവർ അല്ലാഹുവിനോട് നന്ദികാണിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നും നബിവചനത്തിൽ സൂചനയുണ്ട്. ഒരു വ്യക്തി നമ്മെ സഹായിക്കാൻ തുനിഞ്ഞാൽ, അത് തന്റെയൊരു അവകാശമായി കരുതി അധികാരസ്വഭാവത്തിൽ പെരുമാറുന്നത് തികഞ്ഞ അവിവേകമാണ്.. ●